REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 30-12-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- സമൂഹ വികസനത്തിനും ക്ഷേമത്തിനും ജനങ്ങൾ ഒന്നിച്ചുനിൽക്കണമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.
- 93-ാമത് ശിവഗിരി തീർത്ഥാടനം രാവിലെ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.
- 2024-25 വർഷത്തെ ബാങ്കിങ് പ്രവണതയും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട് RBI പുറത്തിറക്കി.
- മകരവിളക്ക് ഉത്സവത്തിനായി ശബരിമല നട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും.
- ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും, അവസാനത്തെയും മത്സരം ഇന്ന് തിരുവനന്തപുരത്ത്.

## വാർത്തകൾ വിശദമായി

**സമൂഹ വികസനത്തിനും ക്ഷേമത്തിനും ജനങ്ങൾ ഒന്നിച്ചുനിൽക്കണമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ആഹ്വാനം ചെയ്തു. ക്രിസ്തുമസ്-പുതുവത്സരാ ഘോഷങ്ങളുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തെ LMS ചർച്ച് കോമ്പൗണ്ടിൽ 'ദി ട്രിവാൻഡ്രം ഫെസ്റ്റിൽ' നടത്തിയ സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ജനാധിപത്യത്തിന്റെയും സാമുദായിക ഐക്യത്തിന്റെയും വികസനത്തിന്റെയും യഥാർത്ഥ ചൈതന്യം ജനങ്ങൾ ഒരുമിച്ച് മതപരമായ ഉത്സവങ്ങൾ ആഘോഷിക്കുമ്പോഴാണ് കാണാൻ കഴിയുകയെന്നും ഉപരാഷ്ട്രപതി പറഞ്ഞു. സമ്മേളനത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്നേഹ സന്ദേശം നൽകി. ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് തോമസ് ജെ.നെറ്റോ ചടങ്ങിന് നേതൃത്വം നൽകി.**

**ഇന്ന്, വർക്കലയിൽ 93-ാമത് ശിവഗിരി തീർത്ഥാടനത്തിൽ പങ്കെടുത്ത ശേഷം ഉപരാഷ്ട്രപതി, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യും.**

**✪✪✪**

**93-ാമത് ശിവഗിരി തീർത്ഥാടനത്തിന് ഇന്നു തുടക്കം. രാവിലെ ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ തീർത്ഥാടനം ഉദ്ഘാടനം ചെയ്യും.**

**തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.**

**...(വോയ്സ്)....**

**രാവിലെ ഏഴ് മുപ്പതിന് ശ്രീനാരായണ ധർമ സംഘം പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ ധർമ പതാക ഉയർത്തും. ശിവഗിരി തീർത്ഥാടനത്തിന്റെ ഉദ്ഘാടനം രാവിലെ ഒൻപത് ഇരുപത്തിയഞ്ചിന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നിർവ്വഹിക്കും. ജനുവരി ഒന്നു വരെയാണ് തീർത്ഥാടനം. ശ്രീനാരായണ ഗുരുവിന്റെ അഷ്ട സന്ദേശങ്ങളിൽ അധിഷ്ഠിതമായ 14 സമ്മേളനങ്ങളാവും ഇത്തവണ തീർത്ഥോടനത്തിന്റെ ഭാഗമായി മൂന്നു ദിവസങ്ങളിലായി നടക്കുക. തീർത്ഥാടന കാലം ആരംഭിച്ചതു മുതൽ വൻ തിരക്കാണ് ശിവഗിരിയിൽ അനുഭവപ്പെടുന്നത്. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തിനോടനുബന്ധിച്ച് വൻ സുരക്ഷാ സംവിധാനങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്.**

**✪✪✪**

**മാലിന്യ സംസ്കരണം, സുസ്ഥിരത തുടങ്ങിയ വെല്ലുവിളികൾ രാജ്യം നേരിടുന്നുണ്ടെന്നും അവയ്ക്ക് സാങ്കേതിക വൈദഗ്ധ്യത്തോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ കാഴ്ചപ്പാടുകളും ആവശ്യമാണെന്നും രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ജാർഖണ്ഡ് ജംഷഡ്പൂരിൽ NIT യുടെ 15-ാമത് ബിരുദദാന സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി.**

**ശക്തമായ സമ്പദ്‌വ്യവസ്ഥയിലൂടെ മാത്രമല്ല, ദരിദ്രരായ പൗരന്മാർക്ക് അന്തസ്സും തുല്യ അവസരങ്ങളും ഉറപ്പാക്കുന്നതിലൂടെയാണ് വികസിത് ഭാരതം കൈവരിക്കുകയെന്ന് രാഷ്ട്രപതി പറഞ്ഞു. വിദ്യാഭ്യാസവും അറിവും അവയുടെ നേട്ടങ്ങൾ സാധാരണക്കാരിലേക്ക് എത്തുമ്പോൾ മാത്രമേ ഉപയോഗപ്രദമായി കണക്കാക്കുമെന്നും ദ്രൗപതി മുർമു പറഞ്ഞു.**

**✪✪✪**

**ഇന്ത്യയുടെ വികസന യാത്രയിലെ നിർണായക വർഷമാണ് 2025. നയങ്ങളെ പുരോഗതിയിലേക്കും, ലക്ഷ്യങ്ങളെ ഫലപ്രാപ്തിയിലേക്കും നയിച്ച**

വർഷത്തെക്കുറിച്ച് ആകാശവാണി 'പരിഷ്ക്കരണ വർഷം' പ്രത്യേക പരമ്പരയിൽ ഇന്ന് സാംസ്കാരിക മേഖലയിലെ രാജ്യത്തിന്റെ പുരോഗതി സംബന്ധിച്ച് ഒരു റിപ്പോർട്ട്.

......വോയ്സ്.....

രാജ്യത്തിന്റെ സാംസ്കാരിക പുനരുജ്ജീവനം 2025 ൽ ദേശീയ മുഖ്യധാരയിലേക്ക് വന്നു. അയോധ്യയിലെ ശ്രീരാമ ജന്മഭൂമി ക്ഷേത്രത്തിന്റെ പൂർത്തീകരണം രാജ്യത്തിന്റെ ആത്മീയ മേഖലയിൽ ഈ വർഷം ഒരു പ്രധാന നിമിഷമായി അടയാളപ്പെടുത്തി. ഈ വർഷം നവംബറിലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ക്ഷേത്രത്തിന്റെ മുകളിൽ കാവിധർമ്മ ധ്വജമുയർത്തിയത്. പ്രകാശങ്ങളുടെ ഉത്സവമായ ദീപാവലിയെ യുനെസ്കോയുടെ സാംസ്കാരിക പൈതൃകപട്ടികയിൽ ഉൾപ്പെടുത്തിയതും ഈ വർഷമാണ്.

ദേശീയഗീതമായ വന്ദേമാതരത്തിന്റെ ഒരു വർഷം നീളുന്ന 150-ാം വാർഷികം ആരംഭിച്ചതിലും ഈ വർഷം ഓർമ്മിക്കപ്പെടും. വിശ്വാസത്തിലും, സാംസ്കാരികാവിഷ്ക്കാരത്തിലും അഭൂതപൂർവ്വമായ ബഹുജന പങ്കാളിത്തമാണ് ഈ വർഷമുണ്ടായത്. പ്രയാഗ്‌രാജിലെ മഹാകുംഭമേളയിൽ 66 കോടിയിലധികം തീർത്ഥാടകരുടെ പങ്കാളിത്തമുണ്ടായി. സർദാർ വല്ലാഭായ് പട്ടേലിന്റെ 150 -ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് പ്രത്യേക നാണയവും, സ്റ്റാമ്പുകളും പുറത്തിറക്കിയതുൾപ്പെടെ അനുസ്മരണ പരിപാടികൾ രാഷ്ട്രീയ ഏകതാ ദിവസിൽ നടന്നു. ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ 125-ാം ജന്മവാർഷിക ആഘോഷവും 2025 ൽ നടന്നു.

✪✪✪

2024-25 വർഷത്തെ ബാങ്കിങ് പ്രവണതയും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട് RBI പുറത്തിറക്കി. ശക്തമായ ബാലൻസ് ഷീറ്റ്, മെച്ചപ്പെട്ട ആസ്തി ഗുണനിലവാരം, ശക്തമായ ലാഭക്ഷമത എന്നിവ റിപ്പോർട്ടിൽ എടുത്തുകാണിക്കുന്നു. മുൻ സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ വളർച്ചയുടെ വേഗത കുറഞ്ഞിട്ടും, ബാലൻസ് ഷീറ്റിലെ ഇരട്ട അക്ക വികാസത്തിന്റെ പിന്തുണയോടെ, 2025 സാമ്പത്തിക വർഷത്തിൽ ബാങ്കിംഗ് മേഖല ശേഷി നിലനിർത്തിയെന്ന് RBI പറഞ്ഞു. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളും ക്രെഡിറ്റും കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ ഉയർന്നുവെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടി.

✪✪✪

രാജ്യത്തെ റാബി വിളയുടെ വിസ്തൃതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് കൃഷി, കർഷകക്ഷേമ വകുപ്പ് പുറത്തിറക്കി. 614 ലക്ഷം ഹെക്ടറിലധികം ഭൂമിയിൽ റാബി വിളകൾ വിതച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 129 ലക്ഷം ഹെക്ടർ സ്ഥലത്തായിരുന്നു പയർവർഗ്ഗങ്ങൾ വിതച്ചിരുന്നത്. ഈ

വർഷം 133 ലക്ഷം ഹെക്ടറിൽ പയർവർഗ്ഗങ്ങൾ വിതച്ചിട്ടുണ്ടെന്ന് കേന്ദ്ര കൃഷി, കർഷകക്ഷേമ മന്ത്രാലയം അറിയിച്ചു.

✪✪✪

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഇന്ന് സംസ്ഥാനതല ബാലപാർലമെന്റ് സംഘടിപ്പിക്കും. രാവിലെ 10-നും ഉച്ച കഴിഞ്ഞ് രണ്ടിനും പഴയ നിയമസഭാ മന്ദിരത്തിലാണ് ബാലപാർലമെന്റ് ചേരുന്നത്. ജില്ലാതല ബാലപാർലമെന്റിൽ മികച്ച പ്രകടനം കാഴ്ച വച്ച 330 കുട്ടികളാണ് ഇതിൽ പങ്കെടുക്കുക. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഡയറക്ടർ S.M രാജേശ്വരി, തദ്ദേശ വകുപ്പ് സ്പെഷൽ സെക്രട്ടറി TV അനുപമ എന്നിവർ പങ്കെടുക്കും

രണ്ടു ബാലപാർലമെന്റിലും പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും രാഷ്ട്രപതി, പ്രധാനമന്ത്രി, സ്പീക്കർ, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് മാർഷൽ, ADC എന്നിവരെ തിരഞ്ഞെടുത്തിട്ടുണ്ട്.

✪✪✪

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള 'സർഗോത്സവം ' ഇന്ന് കണ്ണൂരിൽ സമാപിക്കും. വൈകീട്ട് മന്ത്രി ഒ.ആർ കേളു സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

✪✪✪

മകരവിളക്ക് ഉത്സവത്തിനായി ശബരിമല നട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും. തന്ത്രി മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി ED പ്രസാദ് നട തുറന്ന് ദീപം തെളിക്കും. തുടർന്ന് മേൽശാന്തി സന്നിധാനത്തെ ആഴിയിൽ അഗ്നി പകർന്ന ശേഷം തീർത്ഥാടകർക്ക് പതിനെട്ടാം പടി ചവിട്ടി ദർശനം നടത്താം. ഇന്ന് പൂജകളൊന്നും ഉണ്ടാവില്ല.

നാളെ പുലർച്ചെ മുതൽ പൂജകൾ ആരംഭിക്കും. ജനുവരി 11 ന് എരുമേലി പേട്ടതുള്ളൽ നടത്തും. പന്തളത്തുനിന്നും തിരുവാഭരണ ഘോഷയാത്ര ജനുവരി 12 ന് സന്നിധാനത്തേയ്ക്ക് തിരിച്ച് 14 ന് വൈകിട്ട് സന്നിധാനത്തെത്തും. ജനുവരി 14 നാണ് മകരവിളക്ക് മഹോത്സവം നടക്കുക.

✪✪✪

തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിൽ നടക്കുന്ന 84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന്റെ രണ്ടാം ദിവസമായ ഇന്നലെ ആറ് വേദികളിലായി സെക്ഷണൽ മീറ്റിങ്ങുകളും നാല് വേദികളിലായി പാനൽ ചർച്ചകളും നടന്നു. ഗൗരവമാർന്ന ഗവേഷണ പ്രബന്ധാവതരണങ്ങളും, സജീവമായ ചർച്ചകളും കൊണ്ട് സമ്പന്നമായ അക്കാദമിക പ്രവർത്തനങ്ങളാണ് നടന്നത്. ഇന്നലെ മുന്നൂറോളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

✪✪✪

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം, മേരാ യുവ ഭാരത് കണ്ണൂർ എന്നിവയുടെ നേതൃത്വത്തിൽ കണ്ണൂരിൽ യുവജനങ്ങൾക്കായി സംഘടിപ്പിച്ച യങ് ലീഡേഴ്സ് ബൂട്ട് ക്യാമ്പ് സമാപിച്ചു. സാമൂഹ്യ വികസന പ്രക്രിയകളിൽ യുവജനങ്ങളെ പ്രാപ്തരാക്കുന്ന രീതിയിൽ പരിശീലനമാണ് ക്യാമ്പിൽ ക്രമീകരിച്ചത്. സമാപന ദിവസം യൂത്ത് മോക്ക് പാർലമെന്റ് സംഘടിപ്പിച്ചു.

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും, അവസാനത്തെയും മത്സരം ഇന്ന് തിരുവനന്തപുരത്ത്. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

അഞ്ച് പരമ്പരയിലെ ആദ്യ മൂന്ന് മത്സരത്തിലും വിജയിച്ച് ഇന്ത്യ നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

✪✪✪

മഹാരാഷ്ട്ര യിലെ റോഹായിൽ ആറാമത് ദേശീയ മിക്സ് ബോക്സിങ്ങിൽ 360 പോയിന്റുമായി കേരളം ഓവർ ഓൾ ചാമ്പ്യൻമാരായി. 345 പോയിന്റുമായി മഹാരാഷ്ട്ര രണ്ടും 280 പോയിന്റുമായി കർണ്ണാടക മൂന്നും സ്ഥാനങ്ങളും നേടി. പതിനഞ്ചോളം സംസ്ഥാനങ്ങളിൽ നിന്നായി 500 ൽ അധികം മൽസരാർത്ഥികൾ പങ്കെടുത്തു.

അഞ്ചു വർഷത്തെ കാത്തിരിപ്പിനൊടുവിലാണ് കേരളത്തിന് ദേശീയ കിരീടം ലഭിച്ചത്.

✪✪✪

ദോഹയിൽ ഫിഡെ വേൾഡ് ബ്ലിറ്റ്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ അർജുൻ എരിഗൈസിക്ക് 9 പോയിന്റോടെ വൻ മുന്നേറ്റം. 8 പോയിന്റുകളോടെ നിലവിലെ ചാമ്പ്യൻ മാഗ്നസ് കാൾസൺ ആണ് അർജുന്റെ തൊട്ടു പിന്നിൽ.

✪✪✪

ഡൽഹിയിൽ ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ മധ്യപ്രദേശ് താരം നീരുദന്ത വനിതാ വിഭാഗത്തിൽ സ്വർണം നേടി. ഡൽഹി താരം കീർത്തി ഗുപ്ത വെള്ളിയും, മധ്യപ്രദേശിന്റെ പ്രഗതി ദുബേ വെങ്കലവും നേടി.

പുരുഷ ജൂനിയർ വിഭാഗത്തിൽ ആര്യവൻഷ് ത്യാഗി സ്വർണം നേടി. കേശവ് ചൗഹാൻ വെള്ളിയും സുഹൈർ ഖാൻ വെങ്കലവും കരസ്ഥമാക്കി.

✪✪✪

**റാഞ്ചിയിൽ വനിതാ ഹീറോ ഹോക്കി ഇന്ത്യ ലീഗ് സീസൺ മത്സരത്തിൽ ശ്രാചി ബംഗാൾ ടൈഗേഴ്സിന് ജയം. JSW സൂർമയെയാണ് അവർ പരാജയപ്പെടുത്തിയത്.**

✪✪✪

**അവകാശികളില്ലാത്ത നിക്ഷേപങ്ങളുടെ തീർപ്പാക്കൽ വേഗത്തിലും കാര്യക്ഷമമായും നടത്താൻ ലക്ഷ്യമിട്ട് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിൽ ഡിപ്പാർട്ടുമെന്റ് ഓഫ് ഫിനാൻഷ്യൽ സർവീസസ് രാജ്യത്തുടനീളം സംഘടിപ്പിക്കുന്ന "നിങ്ങളുടെ പണം നിങ്ങളുടെ അവകാശം " കാമ്പെയ്ൻ കൊല്ലത്ത് സംഘടിപ്പിച്ചു. അവകാശം സ്ഥിരീകരിച്ച എട്ടോളം പേർക്ക് ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും ക്ലെയിം സെറ്റിൽമെന്റ് സർട്ടിഫിക്കറ്റ് കൈമാറി.**

✪✪✪

**കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ല എന്ന ലക്ഷ്യത്തിൽ നടത്തുന്ന 'സഹമിത്ര' സമഗ്ര ഭിന്നശേഷി പരിരക്ഷ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ പൊതു കെട്ടിടങ്ങളിൽ നടത്തുന്ന ഭിന്നശേഷി സൗഹൃദ ബിൽഡിംഗ് ഓഡിറ്റിന് തുടക്കമായി. പൊതു കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കി അവിടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മൊബൈലിൽ "യെസ് ടൂ ആക്സെസ്" എന്ന ആപ്പ് ഉപയോഗിച്ചാണ് ഓഡിറ്റ് നടുത്തുന്നത്.**

✪✪✪

**കൊച്ചി ബ്രോഡ് വെയിൽ തീപിടുത്തമുണ്ടായി. 12 ഓളം കടകൾ കത്തി നശിച്ചതായാണ് റിപ്പോർട്ട്. അഗ്നി ശമന സേന സ്ഥലത്തെത്തി തീ നിയന്ത്രണ വിധേയമാക്കി.**

✪✪✪

**കോഴിക്കോട് കല്ലായിപ്പാലത്തിനു സമീപം വട്ടാംപൊയിലിൽ വൻ തീപ്പിടുത്തം. പാലത്തിനു സമീപത്തെ ഇൻഡ്രസ്ട്രീയൽ മേഖലയിലാണ് ഇന്നലെ രാത്രി തീപ്പിടുത്തം ഉണ്ടായത്. ഫയർ ഫോഴ്സ് എത്തി തീ നിയന്ത്രണ വിധേയമാക്കി.**

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*NRTs : മണികണ്ഠൻ*
*DEO : ഷീബ*